(സി) 6143 പേജുകൾ ഉണ്ടായിരുന്നു. തെരഞ്ഞെടുപ്പുകമ്മീഷൻ അച്ചടിക്കാൻ ആവശ്യപ്പെട്ട 150 കോപ്പികളും ഗസറ്റിലേക്ക് ആവശ്യമുള്ള കോപ്പികളും അച്ചടിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതികൾ

118 (234) ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതികളുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കെൽട്രോണിന്റെ പുനരുദ്ധാരണത്തിന് വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നുണ്ടോ ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സോഫ്റ്റ് വെയർ രംഗത്തും ഹാർഡ് വെയർ രംഗത്തും എന്തൊക്കെ നേട്ടങ്ങളാണ് പുനരുദ്ധാരണ പദ്ധതിപ്രകാരം ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന് ആവശ്യമുള്ള വിവര സാങ്കേതിക ഉൽപ്പന്നങ്ങളുടെയും മറ്റ് ഉൽപ്പന്നങ്ങളുടേയും ഉൽപ്പാദനവും വിൽപ്പനയും വർദ്ധിച്ചതായി കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കെൽട്രോണിന്റെ ഓരോ യൂണിറ്റിന്റേയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കി റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കാര്യക്ഷമമാണ് എന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഈ രംഗത്ത് നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(എഫ്) കെൽട്രോണിന്റെ ഉൽപ്പാദനക്ഷമമല്ലാത്ത ആസ്തികൾ വിറ്റഴിക്കുന്നതിനും ഭരണച്ചെലവ് കുറയ്ക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

(ജി) കെൽട്രോണിന്റെ ഉൽപ്പാദന മേഖലകളിലേക്ക് കൂടുതൽ ഓർഡറുകൾ നേടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉന്നതാധികാര സമിതി, കെൽട്രോണിന്റെ പ്രവർത്തനങ്ങളേയും പുനരുദ്ധാരണ പദ്ധതികളേയും വിലയിരുത്തുകയും കമ്പനിക്കാവശ്യമായ മൂലധനം നൽകാൻ കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് ശുപാർശ ചെയ്യുകയും ചെയ്തു. കെ.ഐ.-ആർ.എഫ്. ബി. യിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതികളിൽ നിന്ന് പ്രവർത്തന മൂലധനം വഴിമാറി ചെലവാക്കാതിരിക്കാൻ കർശന നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റിയാബിന്റെയും കെൽട്രോണിന്റെയും സംയുക്ത അക്കൗണ്ട് വഴിയാണ് ഈ പദ്ധതിയുടെ ധനവിനിയോഗ നിയന്ത്രണം നിർവ്വഹിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിനായി കമ്പനിയും സർക്കാരും തമ്മിലും കമ്പനിയും പ്രോജക്ട് ടീം തമ്മിലും മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകൾ തമ്മിലും പെർഫോർമൻസ് കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. വിവര സാങ്കേതിക വിദ്യയ്ക്ക് മുൻതൂക്കം നൽകി മുന്നോട്ടുപോകാനാണ് കമ്പനി ശ്രമിക്കുന്നത്. ഇതിനായി പ്രത്യേക ബിസിനസ് ഗ്രൂപ്പ് രൂപീകരിച്ചു. സോഫ്റ്റ് വെയർ, ഹാർഡ് വെയർ സർവ്വീസ്, ട്രെയിനിംഗ് രംഗങ്ങളിലാണ് ഇപ്പോൾ ഊന്നൽ നൽകി പ്രവർത്തിച്ചു വരുന്നത്. താമസിയാതെ ഡോട്ട് കോമിലേക്ക് കടക്കാനും കമ്പനി തയ്യാറെടുക്കുകയാണ്. കരകുളത്തും, അടൂരിലും രണ്ട് ഡേറ്റാ എൻട്രി സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. കരകുളത്ത് 40000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.റ്റി. പാർക്ക് സജ്ജമായി വരുന്നു. നിരവധി സർക്കാർ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കി വരുന്നു. ഒട്ടനവധി പുതിയ സോഫ്റ്റ് വെയർ വികസന പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. 6 കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചു. മൂന്നെണ്ണം കൂടി താമസിയാതെ തുടങ്ങും. ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ലഘുതവണ വ്യവസ്ഥയിൽ മിതമായ വിലയ്ക്ക് ഫോം പേഴ്സണൽ കമ്പ്യൂട്ടർ നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് അന്തിമ രൂപം നൽകി വരുന്നു. എറണാകുളം ജില്ലയിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുക. വിൽപ്പനാനന്തര സർവ്വീസ് മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മക പദ്ധതി ആവിഷ്ക്കരിച്ചു. കോർപ്പറേറ്റ് ഓഫീസിൽ കസ്റ്റമർ ഫീസ് സെൽ പ്രവർത്തനം ആരംഭിച്ചു. മലയാളം ഡസ്ക്ടോപ്പിന്റെ വികസനം, സർക്കാരിന് ആവശ്യമുള്ള ഡേറ്റാ വെയർഹൗസിംഗ്, ലീഗൽ ട്രാൻസ്ക്രിപ്ഷൻ സംവിധാനം ഫ്രീ വെയർ സോഫ്റ്റ് വെയർ ഇന്റർനെറ്റ് വഴി സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള നികുതികൾ, ബാദ്ധ്യതകൾ ഓൺ ലൈൻ ആയി നൽകാനുള്ള സംവിധാനം എന്നിവയുടെ വികസനം പുരോഗമിച്ചുവരുന്നു. ചെറുകിട വ്യവസായങ്ങൾക്ക് ഉതകുന്ന വെബ് ബേസ്ഡ് ഇൻഡസ്ട്രിയൽ പോർട്ടലിന്റെ വികസനവും പുരോഗമിച്ചുവരുന്നു.

(ഡി) ഉണ്ട്. സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിന്റെ 3% ഐ.റ്റി. വ്യാപനത്തിനായി വിനിയോഗിക്കുവാൻ തീരുമാനിച്ചിരുന്നു. ഇത് കണക്കിലെടുത്ത് കെൽട്രോൺ ഹാർഡ് വെയർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ഉൽപ്പാദനത്തിനും വിപണനത്തിനും ശ്രദ്ധ കേന്ദ്രീകരിച്ചു. തൽഫലമായി കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഏകദേശം 65 കോടി രൂപയുടെ ഐ.റ്റി. അധിഷ്ഠിത ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ & എഫ്) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉൽപ്പാദന പ്രക്രിയയിലുണ്ടാകുന്ന ന്യൂനതകൾ യഥാസമയം പരിഹരിക്കുന്നതിനും വേണ്ടി പ്രതിമാസ അവലോകനങ്ങൾ നടത്തി വരുന്നുണ്ട്. കമ്പനിയുടെ ചെലവ് ചുരുക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടു.

1. കമ്പനി ഓപ്പറേറ്റീവ് പ്രോഫിറ്റ് ആകുന്നതുവരെ ശമ്പള പരിഷ്കരണവും വാർഷിക ഇൻക്രിമെന്റും നിറുത്തലാക്കി.
2. ആവശ്യ സന്ദർഭങ്ങളിലൊഴികെ ജീവനക്കാരുടെ പ്രമോഷൻ നിരോധിച്ചു.
3. അർഹമായ മെഡിക്കൽ ചെലവ് തിരികെ നൽകുന്നത് 50% കുറച്ചു.
4. കമ്പനി ജീവനക്കാരുടെ യാത്രാ ചെലവുകൾക്കുള്ള അർഹത പരിമിതപ്പെടുത്തി.
5. ടെലിഫോൺ, ടാക്സ്, പോസ്റ്റേജ് ചെലവുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തി.
6. വാഹനച്ചെലവുകൾ നിയന്ത്രിക്കാനായി കാലപ്പഴക്കംചെന്ന വാഹനങ്ങൾ വിൽക്കുകയും ജീവനക്കാരുടെ പ്രവർത്തി സമയം ഏകീകരിക്കുകയും ചെയ്തു.
7. 623 ജീവനക്കാർക്ക് വി.ആർ.എസ്. നൽകി.
8. ഉൽപ്പാദനക്ഷമമല്ലാത്ത ആസ്തികൾ വിൽക്കാനും കാര്യക്ഷമമായി വിനിയോഗിക്കാനുമുള്ള നടപടികൾ ആരംഭിച്ചു.
9. ഉൽപ്പാദനേതര മേഖലകളിൽ അധികമെന്നുകണ്ട ജീവനക്കാരെ പുനഃപരിശീലനം നൽകി ഐ.റ്റി തുടങ്ങിയ മേഖലകളിലേക്ക് വിന്യസിച്ചു. ഈ നടപടികൾ വഴി കമ്പനിയുടെ റവന്യൂ ചെലവിൽ 30% കുറയാൻ കഴിഞ്ഞു. ഇതുകൂടാതെ വി.ആർ.എസ്. നടപ്പിലാക്കിയതുവഴി പ്രതിമാസം 40-45 ലക്ഷം രൂപ ശമ്പള ഇനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. വാർഷിക ഇൻക്രിമെന്റ് പ്രൊമോഷൻ എന്നിവ മാറ്റിവെച്ചതിനാൽ ഈ ഇനത്തിൽ പ്രതിവർഷം കമ്പനിക്ക് ശമ്പള ചെലവിൽ 10-15% ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 2000 നവംബർ മുതൽ കമ്പനി ക്യാഷ് പ്രോഫിറ്റ് നേടി.

(ജി) സി-ഡോട്ട് ടെലിഫോൺ എക്സ്ചേഞ്ചുകൾ പ്രതിരോധ ആവശ്യങ്ങൾക്കുള്ള ഉൽപ്പന്നങ്ങൾ, വോട്ടേഴ്സ് ഐ.ഡി. കാർഡ്, ട്രാഫിക് സിഗ്നൽസ്, വാർത്താവിതരണ മന്ത്രാലയത്തിനുള്ള ഉപകരണങ്ങൾ, വ്യവസായ ആവശ്യങ്ങൾക്കുള്ള യു.പി.എസ്. തുടങ്ങിയവയ്ക്കുള്ള ഓർഡറുകൾ ലഭിക്കുന്നതിനായി കമ്പനി തലത്തിലും സർക്കാർ തലത്തിലും ക്രമമായ വിപണനശ്രമങ്ങൾ നടന്നു വരുന്നുണ്ട്. കമ്പനിക്ക് ഇപ്പോൾ 46 കോടി രൂപയുടെ ഓർഡർ കൈവശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പുനരുദ്ധാരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. *

വ്യവസായ വികസനത്തിന് ധനസഹായം

119 (236) ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വികസനത്തിന് ധനസഹായമടക്കമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും സുഗമമാക്കുവാനും പ്രത്യേക ധനകാര്യ സംവിധാനം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പ്രത്യേക ധനകാര്യ സംവിധാനം ഉദ്ദേശിക്കുന്നില്ല. വ്യവസായ വികസനം ലക്ഷ്യമാക്കി നിലവിലുള്ള ഏകജാലക സമ്പ്രദായം കൂടുതൽ വിപുലീകരിച്ച് അതിന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ നൽകി. കേരള വ്യവസായ ഏകജാലക ക്ലിയർഡ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസന ബില്ല് 1999-ൽ അവതരിപ്പിക്കുകയും 1-6-2000 മുതൽ പ്രാബല്യം നൽകുകയും ചെയ്തു. തദ്വാരാ വിവിധ വകുപ്പുകളിലെ ക്ലിയറൻസ് വ്യവസായ സംരംഭകർക്ക് പെട്ടെന്ന് ലഭ്യമാക്കുവാനും വ്യവസായ പുരോഗതി വേഗത്തിലാക്കാനും സാധിച്ചിട്ടുണ്ട്. വ്യവസായികൾക്ക് മൂലധനം നിക്ഷേപിക്കുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും വേണ്ടി പദ്ധതികൾ കണ്ടെത്തുക, അതിനാവശ്യമായ സ്ഥലം എടുക്കുക, കേരളത്തിന് ഉതകുന്ന തരത്തിലുള്ള വ്യവസായ പദ്ധതികൾ ഏറ്റെടുത്ത് അതിനാവശ്യമായ അടിസ്ഥാന ഘടക സൗകര്യങ്ങൾ നൽകുക എന്നീ കാര്യങ്ങൾ കിൻഫ്രയും കെ.എസ്.ഐ.ഡി.സി.യും ചെയ്യുന്നു. വ്യവസായ സംരംഭകർക്ക് രജിസ്ട്രേഷൻ, സബ്സിഡി, മാർജിൻ മണി, വില്പന നികുതി ഇളവുകൾ എന്നിവയ്ക്കു വേണ്ടിയുള്ള അപേക്ഷാ ഫാറങ്ങൾ അച്ചടിച്ചു വിതരണം, സർക്കാർ ഉത്തരവുകളുടെ കോമ്പൻസിയം, ജില്ലകളിലെ വ്യവസായ സാധ്യതാ റിപ്പോർട്ട് എന്നിവയുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, പ്രദർശനങ്ങൾ, അന്തർസംസ്ഥാന പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ കെ. ബിപ് നടപ്പാക്കിവരുന്നു. സാമ്പത്തിക സഹായം സംബന്ധിച്ച കാര്യങ്ങൾക്ക് കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., ബാങ്കുകൾ, ദേശീയ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം ലഭ്യമാണ്. ആകയാൽ പ്രത്യേക ധനകാര്യ സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നില്ല.

---

* 5-3-2001-ൽ സഭ ചേരാതിരുന്നാൽ അന്നേ ദിവസത്തെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly